മാതൃഭൂമി
സത്യം സമത്വം സ്വാതന്ത്ര്യം

*ചിന്തിക്കുക, സ്വപ്നംകാണുക,*
*വിശ്വസിക്കുക. പിന്നെ തുനിഞ്ഞിറങ്ങുക*
*- വാൾട്ട് ഡിസ്നി*



*• അമേരിക്കൻ ആനിമേറ്റർ*

# കുറുക്കുവഴിയോ ഇലക്ടറൽ ബോണ്ട്

രാഷ്ട്രീയപ്പാർട്ടികളുടെ തിരഞ്ഞെടുപ്പ് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ഇലക്ടറൽ ബോണ്ടിന്റെ 24-ാം പതിപ്പിന് ഇന്ന് തുടക്കമാവുകയാണ്. സംഭാവന ചെയ്യുന്നതാരാണെന്ന കാര്യം രഹസ്യമാക്കിവെക്കുന്ന ഇലക്ടറൽ ബോണ്ട് സംവിധാനം സാമ്പത്തികത്തട്ടിപ്പാണെന്ന പരാതി സുപ്രീംകോടതി ചൊവ്വാഴ്ച പരിഗണിക്കാനിരിക്കെയാണിതെന്നത് ശ്രദ്ധേയം. രാഷ്ട്രീയപ്പാർട്ടികളുടെ ഖജനാവുകളിലേക്ക് കള്ളപ്പണം എത്തുന്നത് തടയാനെന്ന പേരിലാണ് ആരും ആവശ്യപ്പെടാതെതന്നെ കേന്ദ്ര ധനവകുപ്പ് ഇലക്ടറൽ ബോണ്ട് ആവിഷ്കരിച്ചത്. 1000, 10,000, ലക്ഷം, 10 ലക്ഷം, കോടി എന്നിങ്ങനെ അഞ്ച് തുകയ്ക്ക് തുല്യമായ ബോണ്ട് കോർപ്പറേറ്റ് കമ്പനികൾക്കും വ്യക്തികൾക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിശ്ചിത ശാഖ മുഖേന ഇഷ്ടപ്പെട്ട പാർട്ടികൾക്ക് നൽകാം. ബോണ്ടിന് ആദായനികുതിയില്ല. ഒരു ശതമാനമെങ്കിലും വോട്ടുകിട്ടിയ പാർട്ടികൾക്കാണ് ബോണ്ട് സ്വീകരിക്കാൻ അർഹത. ആര് നൽകിയെന്നോ എത്ര നൽകിയെന്നോ പുറത്താരുമറിയില്ല. വിവരാവകാശപ്രകാരംപോലും അറിയിക്കേണ്ടതുമില്ല. സംഭാവന നൽകുന്ന കമ്പനികൾ വാർഷിക വരവുചെലവു കണക്കിലും ഇത് വെളിപ്പെടുത്തേണ്ടതില്ല. നേരും നെറിയുമുള്ള സംഭാവനയെന്നപേരിൽ തീരേ സുതാര്യമല്ലാത്ത പിരിവാണ് ഇലക്ടറൽ ബോണ്ട് സംവിധാനം എന്ന പരാതി, പദ്ധതി ആരംഭിച്ച 2018-ൽത്തന്നെ സുപ്രീംകോടതിമുമ്പാകെ എത്തി. നാലരക്കൊല്ലത്തിനിടയിൽ ഏഴായിരം കോടിയിലധികം രൂപയുടെ ബോണ്ട് കൈമാറ്റം ചെയ്യപ്പെട്ടു. ഇതിൽ മൂന്നിൽരണ്ടുഭാഗവും കേന്ദ്രഭരണകക്ഷിക്കാണ് ലഭിച്ചതെന്ന് കോടതിയെ സമീപിച്ച അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് അടക്കമുള്ള സംഘടനകളുടെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

**ഇലക്ടറൽ ബോണ്ട് തീരേ സുതാര്യമല്ലെന്നു വ്യക്തമാണ്. രാഷ്ട്രീയബലപരീക്ഷണത്തിൽ പണപ്പെട്ടി നിറയ്ക്കാനുള്ള കുറുക്കുവഴിയാകുന്നുണ്ടോ ബോണ്ട് പദ്ധതി എന്നു പരിശോധിക്കണം**

**മുഖപ്രസംഗം കേൾക്കാൻ, ക്യു.ആർ.കോഡ് സ്കാൻ ചെയ്യുക**
www.mathrubhumi.com/podcast/editorial

ദീർഘകാലം മരവിച്ചുനിന്നശേഷം കഴിഞ്ഞ ഒക്ടോബറിൽ കേസ് വീണ്ടും സജീവമായപ്പോൾ പരാതിക്കാർക്കുവേണ്ടി ഹാജരായ കപിൽ സിബലും പ്രശാന്ത് ഭൂഷണും ഗോപാൽ ശങ്കരനാരായണനും ആവശ്യപ്പെട്ടത്, രണ്ടംഗ ബെഞ്ചിനുപകരം വിപുലമായ ബെഞ്ച് വാദം കേൾക്കണമെന്നാണ്. സുതാര്യതയോടും ജനാധിപത്യത്തോടുമുള്ള പരിഹാസമാണ് ബോണ്ടിന്റെ രൂപത്തിലുള്ള അജ്ഞാതസംഭാവനയെന്ന് അവർ വ്യക്തമാക്കി. കേസിന്റെ തുടക്കത്തിൽ തിരഞ്ഞെടുപ്പ് കമ്മിഷൻ സമർപ്പിച്ച സത്യവാങ്മൂലത്തിൽ ബോണ്ട് ഒരുതരം പിറകോട്ടുപോക്കാണെന്നും പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. കമ്പനിനിയമത്തിലും വിദേശസംഭാവനാ നിയന്ത്രണനിയമത്തിലും ജനപ്രാതിനിധ്യനിയമത്തിലും ഭേദഗതി വേണ്ടിവന്ന ഇലക്ടറൽ ബോണ്ട് ധനകാര്യ ബില്ലായാണ് പാർലമെന്റിൽ അവതരിപ്പിച്ചത്. വിദേശകമ്പനികളുടെ ഇന്ത്യൻ ഉപകമ്പനികൾക്ക് ബോണ്ട് നൽകാനുള്ള സൗകര്യത്തിനായി വിദേശസംഭാവനാ ചട്ടത്തിൽ മാറ്റംവരുത്തിയതിനെയും തിരഞ്ഞെടുപ്പ് കമ്മിഷൻ വിമർശിച്ചിരുന്നു. മൂന്നുവർഷം ലാഭത്തിൽ തുടരുന്ന കമ്പനികൾമാത്രമേ ലാഭത്തിന്റെ നിശ്ചിതനിരക്കിൽ സംഭാവനചെയ്യാവൂ എന്ന ചട്ടവും ബോണ്ടിന്റെ കാര്യത്തിൽ ബാധകമല്ലാതാക്കി. ബോണ്ട് നിയമപരമോ എന്ന ഭരണഘടനാപരമായ പരിശോധനയുടെ ഭാഗമായി കമ്പനിനിയമത്തിലെ ഭേദഗതിയടക്കമുള്ള കാര്യങ്ങളും വിശകലനം ചെയ്യണമെന്നാണ് കോടതിമുമ്പാകെയുള്ള ആവശ്യം.

ഒരുകൊല്ലത്തിൽ നാലുതവണ ബോണ്ടിറക്കുന്ന രീതിയിൽനിന്ന് നിയമസഭാ തിരഞ്ഞെടുപ്പുകൾ വരുമ്പോഴെല്ലാം ബോണ്ട് എന്ന നിലയിലേക്ക് മാറുന്നതായും ഗുജറാത്ത് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആരോപണമുണ്ടായി. സാധാരണഗതിയിൽ 20,000 രൂപയിലധികം സംഭാവന നൽകുന്നവരുടെ പേര് വെളിപ്പെടുത്തണമെന്നാണ് തിരഞ്ഞെടുപ്പ് കമ്മിഷന്റെ ചട്ടം. എന്നാൽ, ഇലക്ടറൽ ബോണ്ടിന്റെ കാര്യം തിരഞ്ഞെടുപ്പ് കമ്മിഷനെപ്പോലും അറിയിക്കേണ്ടതില്ലെന്നതാണ് രാഷ്ട്രീയപ്പാർട്ടികളുടെ സൗകര്യം. ബോണ്ടിന് യോഗ്യതയുള്ള പാർട്ടികൾ നൂറിലേറെയുണ്ടെങ്കിലും 17 പാർട്ടികൾക്ക് മാത്രമാണ് ഇതേവരെ അത്തരത്തിൽ സംഭാവന കിട്ടിയത്. കേന്ദ്ര ഭരണകക്ഷിക്കാണ് കൂടുതൽ ബോണ്ടുകൾ കിട്ടുന്നതെന്നും സൗജന്യങ്ങൾ പ്രതീക്ഷിച്ചുള്ള പരോക്ഷമായ കോഴയാണിതെന്നും പ്രതിപക്ഷത്തെ നേതാക്കളും സ്വതന്ത്രസംഘടനകളും ആക്ഷേപിക്കുന്നു. നിയമസഭകളിലെ കൂറുമാറ്റങ്ങളുടെ പിന്നിൽപ്പോലും ബോണ്ടിന്റെ സ്വാധീനമുണ്ടെന്ന ആരോപണം ചില പാർട്ടികൾ ഉന്നയിച്ചിട്ടുണ്ട്. അതിന്റെ വസ്തുതയെന്താണെങ്കിലും ഇലക്ടറൽ ബോണ്ട് തീരേ സുതാര്യമല്ലെന്നു വ്യക്തമാണ്. രാഷ്ട്രീയബലപരീക്ഷണത്തിൽ പണപ്പെട്ടി നിറയ്ക്കാനുള്ള കുറുക്കുവഴിയാകുന്നുണ്ടോ ബോണ്ട് പദ്ധതി എന്നു പരിശോധിക്കണം.

## ആ നാളിൽ...

മാതൃഭൂമി 100 വർഷങ്ങൾ 1923 - 2023

### റോവേഴ്സ് കപ്പ് ആന്ധ്രാ പോലീസിന്ന്

05 ഡിസം. 1960

**സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ റോവേഴ്സ് കപ്പ് ഫുട്ബോൾ കിരീടം 1960-ലാണ് ആദ്യമായി ആന്ധ്രാപ്രദേശ് പോലീസ് നേടിയത്. അതിനു മുമ്പ് ഹൈദരാബാദ് സിറ്റി പോലീസ് 50 മുതൽ 54 വരെ തുടർച്ചയായി വിജയികളായിരുന്നു**




***ബോംബെ, ഡിസംബർ 4***
*ഹൈദരബാദിലെ ആന്ധ്രാ പ്രദേശ് പോലീസ് റോവേഴ്സ് കപ്പ് നേടിയിരിക്കുന്നു. ഫൈനലിൽ അവർ കല്ക്കത്തയിലെ ഈസറ്റ്ബങ്കാളിനെ ഒരു ഗോളിന്നു തോല്പിച്ചു. ലെഫ്ടിൻ സുൾഫിക്കറാണ് എക്സ്ട്രാടൈമിൽ ഗോളടിച്ചത്. ഇന്നലെ ഇവർ തമ്മിലുള്ള മത്സരം ഡ്രോ ആവുകയാണുണ്ടായത്. ഇന്നത്തെ ആന്ധ്രാ പോലീസ് ടീം തന്നെയായിരുന്നു മുമ്പത്തെ ഹൈദരബാദ് പോലീസ് ടീം. അവർ 1950 മുതൽ തുടർച്ചയായി അഞ്ചു കൊല്ലവും പിന്നെ 1957 ലും റോവേഴ്സ് കപ്പ് നേടിയവരാണ്. 1949-ൽ ഈസ്റ്റ്ബങ്കാളും, റോവേഴ്സ്കപ്പ് നേടിയിട്ടുണ്ട്. - പി ടി ഐ.*

# നാലുവർഷബിരുദവും ഗവേഷണാടിത്തറയും





**ഡോ. ബി. ഇഫ്തിഖാർ അഹമ്മദ്**

സയൻസ്, ആർട്സ്, കൊമേഴ്സ്, ഭാഷാസാഹിത്യം എന്നിവയിൽ പ്രത്യേകവിഷയം ഐച്ഛികമായെടുത്ത് ബിരുദത്തിനുചേരുന്ന വിദ്യാർഥിയുടെ പഠനം മൂന്നുവർഷംകൊണ്ട് തീരും. ഗവേഷണപ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിത്തറയിടുക എന്നതാണ് നാലാംവർഷത്തിൽ ലക്ഷ്യമിടുന്നത്. ഗവേഷണത്തിന് ആവശ്യമായ വിഷയാവഗാഹവും (Content) രീതിശാസ്ത്രവും (Methodology) ധാർമികതയും (Research Ethics) ഒക്കെ ഇക്കൊല്ലം വിദ്യാർഥിയെ പരിചയപ്പെടുത്തും. നാലാംവർഷം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥിക്ക് ഓണേഴ്സ് ബിരുദമാണ് ലഭിക്കുക. ഇവർക്ക് ബിരുദാനന്തരബിരുദം ഇല്ലാതെതന്നെ പിഎച്ച്.ഡി.ക്ക് ചേരാം.

## # അക്കാദമിക് എക്സിറ്റും എൻട്രിയും

ബിരുദകോഴ്സിന് ചേരുന്ന ചിലർക്കെങ്കിലും രണ്ടുവർഷംകൊണ്ട് പഠനം അവസാനിപ്പിക്കേണ്ട സാഹചര്യമുണ്ടാകാം. അങ്ങനെവന്നാൽ, രണ്ടുവർഷംകൊണ്ട് നേടുന്ന നിശ്ചിത ക്രെഡിറ്റുകൾക്കൊപ്പം രണ്ടുമാസം ദൈർഘ്യമുള്ള ഇന്റേൺഷിപ്പുകൂടി പൂർത്തിയാക്കിയാൽ വിദ്യാർഥിക്ക് കോഴ്സ് എക്സിറ്റ് നടത്താം. അപ്പോൾ കോളേജ് വിട്ടുപോയാലും ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കും.

ഒരുവർഷംകൊണ്ടാണ് എക്സിറ്റ് നടത്തുന്നതെങ്കിൽ വിദ്യാർഥികൾക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകണം. മൂന്നുവർഷം പൂർത്തിയാക്കി, തുടർപഠനത്തിന് താത്പര്യമില്ലാത്തവർക്ക് ബിരുദം ലഭിക്കും. എന്നാൽ, പിന്നീടിവർക്ക് ഗവേഷണങ്ങളിൽ ഏർപ്പെടണമെങ്കിൽ രണ്ടുവർഷത്തെ ബിരുദാനന്തരബിരുദം നിർബന്ധമാണ്.

ഒരുവർഷംകൊണ്ടോ രണ്ടുവർഷംകൊണ്ടോ എക്സിറ്റ് ചെയ്യുന്ന വിദ്യാർഥിക്ക് പിന്നീട് പഠനം തുടരാൻ സഹായകമാകുന്ന സൗകര്യമാണ് അക്കാദമിക് എൻട്രി അഥവാ റീഎൻട്രി. സമാനസ്വഭാവമുള്ള കോഴ്സുകളോ സ്ഥാപനങ്ങളോ രാജ്യത്ത് ഏതുവേണമെങ്കിലും റീഎൻട്രിക്കായി തിരഞ്ഞെടുക്കാം. അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സിൽ (ABC) ആവശ്യമായ 'നിക്ഷേപം' വേണമെന്നുമാത്രം.

## # അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ്

നാഷണൽ അക്കാദമിക് ഡെപ്പോസിറ്ററിയുടെ (NAD) മാതൃകയിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്. ഇതൊരു വെർച്വൽ/ഡിജിറ്റൽ സംഭരണശാലയാണ്. അതിൽ ഓരോ വിദ്യാർഥിയും അവരുടെ പഠനത്തിലുടനീളം നേടിയ ക്രെഡിറ്റുകളുടെ വിവരങ്ങൾ സൂക്ഷിക്കുന്നു. ഇത് വിദ്യാർഥികളെ കോളേജുകളിലോ സർവകലാശാലകളിലോ അഡ്മിഷൻ നേടുന്നതിനും ഒന്നിലധികം ഓപ്ഷനുകൾ നൽകാനും പ്രാപ്തരാക്കും. ഉന്നതവിദ്യാഭ്യാസകാലയളവിൽ 'ഒന്നിലധികം എക്സിറ്റുകൾ', 'ഒന്നിലധികം എൻട്രികൾ' ഉണ്ടാകും. ക്രെഡിറ്റുകൾ എ.ബി.സി.വഴി തടസ്സങ്ങളില്ലാതെ കൈമാറ്റം ചെയ്യപ്പെടും. ഏതുസമയത്തും വിദ്യാർഥിയുടെ ക്രെഡിറ്റ് റെക്കോഡ് പരിശോധിക്കുന്നതിനുള്ള ആധികാരിക റഫറൻസായി എ.ബി.സി.യെ കണക്കാക്കാം.

> പരമ്പരാഗതവിഷയങ്ങളിൽ ബിരുദ കോഴ്സുകളുടെ ദൈർഘ്യം അടുത്തവർഷംമുതൽ മൂന്നിൽനിന്ന് നാലുവർഷമാക്കുകയാണ്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസനയത്തിലെ (എൻ.ഇ.പി. 2020) പ്രധാന മാറ്റങ്ങളിൽ ഒന്നാണിത്

## # എ.ബി.സി.യുടെ പ്രധാന ലക്ഷ്യങ്ങൾ:

- വിദ്യാർഥികേന്ദ്രിത വിദ്യാഭ്യാസം
- വിദ്യാർഥിസൗഹൃദ അധ്യാപനം
- ഇന്റർഡിസിപ്ലിനറി സമീപനം
- വിദ്യാർഥിക്ക് താത്പര്യമുള്ള കോഴ്സുകൾ പഠിക്കാനനുവദിക്കൽ
- വിദ്യാർഥികളെ അവരുടെ വേഗമനുസരിച്ച് പഠിക്കാൻ പ്രാപ്തരാക്കൽ

## # കേരളത്തിൽ നടപ്പാക്കുമ്പോൾ

ദേശീയ വിദ്യാഭ്യാസനയത്തിന്റെ ചുവടുപിടിച്ച് സംസ്ഥാനത്ത് നാലുവർഷ ബിരുദപദ്ധതി നടപ്പാക്കാൻ പോകുന്നു എന്നുവേണം മനസ്സിലാക്കാൻ. ഗവേഷണ നൈപുണിക്ക് ആവശ്യമായ നടപടിയെടുക്കാതെ, നാലുവർഷം എന്ന കാലയളവുമാത്രംവെച്ചാണ് ബിരുദ പ്രോഗ്രാമുകൾ ഉടച്ചുവാർക്കുന്നതെങ്കിൽ, ബിരുദാനന്തരബിരുദത്തിലൂടെ ലഭിക്കേണ്ടുന്ന വിഷയാവഗാഹം നഷ്ടപ്പെടുകയും ഗുണനിലവാരം കുറയുകയും ചെയ്യും. നയരൂപവത്കരണം നടത്തുമ്പോൾ എല്ലാവശങ്ങളും പഠിക്കാതെ കാര്യങ്ങൾ നീക്കിയാൽ ഇപ്പോൾത്തന്നെ ശൂന്യമായിക്കൊണ്ടിരിക്കുന്ന ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കാൻ ആളുണ്ടാവില്ല.

*കേരള കേന്ദ്രസർവകലാശാലയിലെ അധ്യാപകനാണ് ലേഖകൻ*

# വിദ്യാർഥിക്കുടിയേറ്റം കേരളത്തിന് വെല്ലുവിളിയോ?

വിദ്യാഭ്യാസത്തെ മുൻനിർത്തി കേരളത്തിൽനിന്ന് യുവാക്കൾ വിദേശത്തേക്ക് പറക്കുമ്പോൾ ഇവിടത്തെ പഠന, സാമൂഹികാന്തരീക്ഷങ്ങളെക്കുറിച്ച് പലവിധ ചോദ്യങ്ങൾ ഉയരുന്നുണ്ട്. ഇവയ്ക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയാണ് ലേഖകർ



**എസ്. ഇരുദയ രാജൻ**
**ഡോ. എസ്. ഷിബിനു**
**മുഹമ്മദ് ഹസീബ് എൻ.**

പ്രവാസികളും പ്രവാസി ധനവും കേരളത്തിന്റെ സാമ്പത്തിക-സാമൂഹിക വളർച്ചയുടെ നാഴികക്കല്ലുകളാണ്. വിവിധ രാജ്യങ്ങളിലേക്ക് കുടിയേറിയിട്ടുള്ള 21.2 ലക്ഷം മലയാളികളിൽ 81.2 ശതമാനവും ഗൾഫ് സഹകരണ കൗൺസിൽ (ജി.സി.സി.) രാജ്യങ്ങളിലാണ്. അതിൽത്തന്നെ മൂന്നിൽ ഒരാൾ എന്ന കണക്കിൽ യു.എ.ഇ.യിലാണ്.

ഇന്ന് കേരളത്തിൽ കാണുന്നത് വിദ്യാർഥികളായ യുവാക്കളുടെ കുടിയേറ്റമാണ്. ഗൾഫ് കുടിയേറ്റം മറ്റു നിവൃത്തിയില്ലാതെ (Distress Migration) ആയിരുന്നു. എന്നാൽ, ഇന്ന് യുവാക്കളുടെ കുടിയേറ്റം ഉന്നതവിദ്യാഭ്യാസ ലക്ഷ്യങ്ങളോടെയും നൈപുണിവികസനത്തിനുമാണ്.

കണക്കുകൾപ്രകാരം ലോകത്തെ ആഭ്യന്തര ഉത്പാദനത്തിന്റെ എഴുപതുശതമാനം സംഭാവനചെയ്യുന്ന പതിനൊന്നു രാഷ്ട്രങ്ങളിൽ ഒൻപതെണ്ണത്തിലും 2030 ആകുമ്പോഴേക്കും നൈപുണ്യശേഷിയുള്ള തൊഴിലാളികളുടെ കുറവുണ്ടാകും.

ഉദാഹരണത്തിന് 2030 ആകുമ്പോഴേക്കും വിദഗ്ധതൊഴിലാളികളുടെ എണ്ണത്തിൽ ജർമനിയിൽ ഇരുപത്തിമൂന്നു ശതമാനത്തിന്റെയും ചൈനയിൽ മൂന്നു ശതമാനത്തിന്റെയും കുറവുണ്ടാകുമെന്നാണ് സൂചന. ജനസംഖ്യ കൂടുതലുള്ള സ്ഥലങ്ങളിലെ യുവാക്കൾക്ക് സ്വന്തം നാട്ടിൽ ഉയർന്ന വേതനത്തോടെയുള്ള ജോലിസാധ്യത വിരളമാണെന്നു കണക്കുകൂട്ടി വിദേശരാജ്യങ്ങളിലെ അവസരങ്ങൾ മുൻകൂട്ടിക്കണ്ട് അവ ഉപയോഗപ്പെടുത്താൻ തീരുമാനിക്കുന്നു.

2030 ആകുമ്പോൾ 14 കോടി കോളേജ് വിദ്യാർഥികളെ ഉൾക്കൊള്ളുന്ന, ഏറ്റവും കൂടുതൽ യുവാക്കളുള്ള രാജ്യമാകും ഇന്ത്യ. അതുകൊണ്ടുതന്നെ വളരെ ശ്രദ്ധയോടെ സമീപിക്കേണ്ട വിഷയമാണ് വിദ്യാർഥിക്കുടിയേറ്റം.

> വിദ്യാഭ്യാസക്കുടിയേറ്റം കുറയ്ക്കുക എന്നതാണ് സാമ്പത്തികച്ചോർച്ച തടയാനുള്ള ആദ്യ വഴി. അതിന് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ കാലത്തിനൊത്ത് ഉടച്ചുവാർക്കണം



## # കേരളത്തിന് കുടിയേറ്റ നയമില്ല

കേരളത്തിലെ വിദ്യാർഥികൾ പോകുന്നത് പഠനശേഷം ജോലിനേടി ജീവിതം പറിച്ചുനടാൻ സാധിക്കുന്ന രാഷ്ട്രങ്ങളിലേക്കാണ്. അതായത്, അവർ സ്ഥിരംകുടിയേറ്റത്തെ (Permanent Migration) ഇഷ്ടപ്പെടുന്നെന്നു സാരം. ഗൾഫ് കുടിയേറ്റം താത്കാലികമായിരുന്നു (Temporary Migration). പോകുന്നവർ വിസക്കാലാവധി കഴിഞ്ഞാൽ മടങ്ങിയെത്തുമെന്നതും ഇക്കാലയളവിനിടയിൽ കുടിയേറ്റ ധനം (Remittances) നമ്മുടെ നാട്ടിലേക്ക് ഇടവേളകളിൽ എത്തുമെന്നതും മേന്മയായിരുന്നു.

യുവതലമുറ വിദേശത്തേക്ക് കുടിയേറുമ്പോൾ നാട്ടിലെ കുടുംബങ്ങളിൽ പ്രായമായവർ ഒറ്റപ്പെടുന്നു. ഇത്തരം വിഷയങ്ങൾകൂടി കണക്കിലെടുത്തുവേണം കേരളത്തിൽനിന്നുള്ള വിദ്യാർഥിക്കുടിയേറ്റം മുന്നോട്ടുവെക്കുന്ന അടിസ്ഥാനപരമായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ.

നിലവിൽ കേരളത്തിന് കുടിയേറ്റ നയമില്ലെന്നതാണ് പ്രധാനപ്രശ്നം. സർക്കാരിന്റെ കൈയിൽ കുടിയേറിയ വിദ്യാർഥികളുടെ കണക്കുകളൊന്നുമില്ല. വിദേശരാജ്യങ്ങളിൽ കേരളത്തിൽനിന്നുള്ള വിദ്യാർഥികളുടെ കണക്കുകൾ ശേഖരിക്കാൻ സ്ഥിരംസംവിധാനം സർക്കാർ ഏർപ്പെടുത്തണം. കുടിയേറുന്ന രാജ്യത്തെ ഭാഷയും സംസ്കാരവും ആചാരങ്ങളും മനസ്സിലാക്കാൻ വിദ്യാർഥികളെ സഹായിക്കുകയും വേണം. ഈ രാജ്യങ്ങളിൽ മലയാളിസംഘടനകൾ ഉണ്ടെങ്കിൽ അവരുമായി വിദ്യാർഥികളെ ബന്ധപ്പെടുത്തണം. അത് ചൂഷണങ്ങളിൽനിന്ന് രക്ഷനേടാൻ സഹായകമാകും.

## # കുടിയേറ്റവും സാമ്പത്തികച്ചോർച്ചയും

നമ്മുടെ നാട്ടിൽനിന്ന് പുറത്തുപോകുന്ന വിദ്യാർഥികൾ പഠനാവശ്യത്തിനായി ചെലവാക്കുന്നത് വർഷം 690.9 കോടി ഡോളറെന്ന (ഏകദേശം 56,000 കോടി രൂപ) ഭീമമായ തുകയാണ്. 2021-ലെ കണക്കുകൾപ്രകാരം ഇത് പുറത്തേക്കുപോകുന്ന ധനത്തിന്റെ (Outward Remittances) 30.24 ശതമാനമാണ് (യാത്രച്ചെലവുൾപ്പെടെ). ചൈന കഴിഞ്ഞാൽ വിദേശവിദ്യാർഥികൾ വഴി അമേരിക്ക ഏറ്റവുംകൂടുതൽ വരുമാനം നേടുന്നത് ഇന്ത്യയിൽനിന്നാണ്. ഇത് സാമ്പത്തികച്ചോർച്ചയല്ലാതാകണമെങ്കിൽ (Drain of Wealth) ദീർഘകാല വീക്ഷണത്തോടെയുള്ള സമീപനം വേണം.

വിദ്യാഭ്യാസക്കുടിയേറ്റം കുറയ്ക്കുക എന്നതാണ് സാമ്പത്തികച്ചോർച്ച തടയാനുള്ള ആദ്യ വഴി. അതിന് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ കാലത്തിനൊത്ത് ഉടച്ചുവാർക്കണം. കേരളത്തിലെ സർവകലാശാലകളുടെ മേന്മയില്ലായ്മയാണ് പുറത്തേക്കുപോകാനുള്ള പ്രധാന കാരണമായി വിദ്യാർഥികൾ പറയുന്നത്. പശ്ചാത്തലസൗകര്യത്തിന്റെ അഭാവം, യോഗ്യരായ അധ്യാപകരുടെ കുറവ്, കാലഹരണപ്പെട്ട പാഠ്യപദ്ധതി, പാഠ്യപദ്ധതിക്ക് വ്യാവസായിക മേഖലയുമായുള്ള ബന്ധത്തിന്റെ കുറവ് എന്നിവ ചൂണ്ടിക്കാട്ടുന്നു. നമ്മുടെ നാട്ടിലെ മൂന്നു സർവകലാശാലകൾ മാത്രമാണ് ആഗോള റാങ്കിങ്ങിൽ ആദ്യ ഇരുനൂറിൽ ഉള്ളത്. വെറും പത്ത് ഇന്ത്യൻ സർവകലാശാലകൾ മാത്രമാണ് ആഗോള റാങ്കിങ്ങിൽ ആദ്യ എഴുന്നൂറിൽ വന്നതെന്നകാര്യവും അറിയണം.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ പോരായ്മ വിളിച്ചോതുന്ന മറ്റൊരു കാര്യമാണ് ദേശീയതലത്തിൽ മികച്ച കലാലയങ്ങളിൽ പ്രവേശനം ലഭിക്കുന്ന മലയാളിവിദ്യാർഥികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ്. ഇത്തരം സ്ഥാപനങ്ങൾ ഹയർസെക്കൻഡറി മാർക്ക് അടിസ്ഥാനമാക്കി പ്രവേശനം നൽകിയിരുന്നപ്പോൾ മലയാളികളുടെ എണ്ണം കൂടുതലായിരുന്നു. എന്നാൽ, പൊതുപ്രവേശന പരീക്ഷ നടപ്പാക്കിയതോടെ മലയാളികൾക്ക് വിജയിക്കാൻ കഴിയുന്നില്ലെന്നത് ആശങ്കാജനകമാണ്.

വിദേശരാഷ്ട്രങ്ങളിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്ഥിതി മറിച്ചാണ്. ന്യൂസീലൻഡിൽ ആകെ എട്ടു സർവകലാശാലകളാണുള്ളത്. അവയെല്ലാംതന്നെ ആഗോള റാങ്കിങ്ങിൽ ആദ്യ നൂറിൽ ഇടംപിടിച്ചിട്ടുണ്ട്. ഇക്കാലത്ത് ഏതു തൊഴിൽദാതാവും ആഗോള അനുഭവസമ്പത്തുള്ളവരെയാകും അവരുടെ സ്ഥാപനങ്ങളിൽ നിയമിക്കാൻ താത്പര്യപ്പെടുക. ഇതും കുടിയേറ്റപ്രവണത വിദ്യാർഥികളിൽ വർധിപ്പിക്കുമെന്നതിൽ സംശയമില്ല.

## # ഇങ്ങോട്ടാരും വരവില്ല

ഒട്ടുമിക്കരാജ്യങ്ങളിലും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി പുറത്തേക്കുപോകുന്ന യുവാക്കളുടെ അഭാവം നികത്തുംവിധം മറ്റു രാജ്യങ്ങളിൽനിന്നുള്ളവരുടെ വരവുമുണ്ടാകും (Replacement Migration). അത് കുടിയേറ്റ സമതുലനാവസ്ഥ (Balanced Migration) സൃഷ്ടിക്കുന്നു. ഇവിടെ അതുണ്ടാകുന്നില്ല.

ഏറ്റവുംകൂടുതൽ വിദ്യാർഥിക്കുടിയേറ്റം നടക്കുന്ന രാജ്യമാണ് ചൈന. അവിടെ ഓരോ വർഷവും എത്തുന്ന വിദേശ വിദ്യാർഥികളുടെ എണ്ണം പുറത്തേക്കുപോകുന്നവരുടെ എണ്ണത്തിന്റെ പകുതിയിലേറെയാണ്. മലേഷ്യയുടെ കാര്യമെടുത്താൽ പുറത്തേക്കുപോകുന്ന വിദ്യാർഥികളുടെ അത്രയുംതന്നെ വിദേശത്തുനിന്ന് അവിടേക്ക് എത്തുന്നുണ്ട്. ഈ രാജ്യങ്ങൾക്കൊന്നും വിദ്യാർഥിക്കുടിയേറ്റം സാമ്പത്തികച്ചോർച്ചയുണ്ടാക്കുന്നില്ല.

## # മസ്തിഷ്കച്ചോർച്ച

സാമ്പത്തികച്ചോർച്ച പോലെത്തന്നെ നാടിന്റെ താത്പര്യത്തിന് വിരുദ്ധമാണ് മസ്തിഷ്കച്ചോർച്ച (Brain Drain). പുറത്തുപോയി പഠിക്കുന്ന വിദ്യാർഥികൾ തിരിച്ചെത്തി നാടിന്റെ വികസനത്തിൽ പങ്കാളികളാകാതിരിക്കുമ്പോഴാണ് ബൗദ്ധിക ചോർച്ചയുണ്ടാകുന്നത്. പുറത്തേക്കുള്ള വിദ്യാർഥികളുടെ ഒഴുക്ക് കുറച്ചുകൊണ്ടും തദ്ദേശീയ വിദ്യാഭ്യാസത്തെ പരിപോഷിപ്പിച്ചുകൊണ്ടുമാണ് മസ്തിഷ്കച്ചോർച്ച മസ്തിഷ്കനേട്ടമാക്കി (Brain Gain) മാറ്റേണ്ടത്.

*ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈഗ്രേഷൻ ആൻഡ് ഡെവലപ്മെൻറ് ചെയർമാനാണ് എസ്. ഇരുദയ രാജൻ. തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജ് സാമ്പത്തികശാസ്ത്രവിഭാഗം മേധാവിയാണ് ഡോ. എസ്. ഷിബിനു. ഇതേ കോളേജിൽ ചരിത്രവിഭാഗം അസിസ്റ്റൻറ് പ്രൊഫസറാണ് മുഹമ്മദ് ഹസീബ് എൻ.*

## എന്താണ് ചെയ്യേണ്ടത്

പാഠ്യപദ്ധതിയുടെ ഭാഗമായി രാജ്യത്തിനകത്തും പുറത്തും വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യം ലഭ്യമാക്കുക. അധ്യാപക-വിദ്യാർഥി വിനിമയം ആഗോളതലത്തിൽ സാധ്യമാക്കുക. പുതു തലമുറ കോഴ്സുകൾ തുടങ്ങുകയും അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നരീതിയിൽ അധ്യാപകപരിശീലനം നൽകുകയും കലാലയങ്ങളുടെ പശ്ചാത്തലസൗകര്യങ്ങൾ വർധിപ്പിക്കുകയും ചെയ്യുക.

സാമ്പത്തിക പിന്നാക്കാവസ്ഥയാണ് പല കഴിവുള്ളകുട്ടികളെയും മികച്ചസ്ഥാപനങ്ങളിൽനിന്നും ആധുനിക കോഴ്സുകൾ പഠിക്കുന്നതിനെ തടയുന്നത്. വിദ്യാർഥികൾക്ക് ഉയർന്ന സാമ്പത്തിക സ്കോളർഷിപ്പുകൾ ലഭ്യമാക്കുകയാണെങ്കിൽ അവർക്ക് മികച്ച വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നും ആധുനിക കോഴ്സുകൾ പഠിക്കാൻ സാധിക്കും.

സാധാരണഗതിയിൽ സാമ്പത്തികശേഷിയുള്ള കുട്ടികളാണ് ആധുനിക കോഴ്സുകൾ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് നേടുക. ഇത് രണ്ടുതരത്തിലെ പൗരന്മാരെ വാർത്തെടുക്കുന്നതിനു തുല്യമാണ്. വികസിതരാജ്യങ്ങൾ പലതും പഠനത്തോടൊപ്പംതന്നെ തൊഴിൽചെയ്ത് വരുമാനംനേടാനുള്ള അവസരം വിദ്യാർഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇത് കേരളത്തിലും നടപ്പാക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ രാഷ്ട്രീയനേതൃത്വം ഇച്ഛാശക്തിയോടെ ഇടപെടണം.

അല്ലെങ്കിൽ പ്രതീക്ഷവറ്റിയ വയസ്സായ ജനത അവശേഷിക്കുന്ന തുരുത്തായി സംസ്ഥാനം മാറും.

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസമേഖലയിൽ പരിഷ്കരണം ലക്ഷ്യംവെച്ച് മൂന്നു കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ നടപ്പാക്കാനൊരുങ്ങുകയാണല്ലോ. പല പ്രതിപക്ഷസംഘടനകളും അതിൽ ഭേദഗതികൾ നിർദേശിച്ചിട്ടുണ്ട്. ധൃതികൂട്ടാതെ കേരളത്തിന്റെ വിദ്യാഭ്യാസസാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസമേഖല പരിഷ്കരണം.

വിദേശരാഷ്ട്രങ്ങളിൽ നിലനിൽക്കുന്ന രീതികൾ ഇവിടെ അതേപടി നടപ്പാക്കാൻ കഴിയില്ല. പരിഷ്കാരങ്ങൾ ശാസ്ത്രീയവും ദീർഘവീക്ഷണമുള്ളതുമല്ലെങ്കിൽ അത് വീണ്ടും വിദ്യാർഥിക്കുടിയേറ്റം കൂടാൻ കാരണമാകും.

## കേട്ടതും കേൾക്കേണ്ടതും



തിരക്കുള്ള ബസിൽ ഇടിച്ചുകയറുന്നതുപോലെ ഇക്കാലത്ത് എഴുത്തുകാരും ഇടിച്ചുകയറേണ്ട അവസ്ഥയാണ്. എഴുത്തിന്റെ ലോകം വല്ലാതെ മാറി. ഏകാന്തതയിൽ നിശ്ശബ്ദമായിരുന്ന് എഴുതിയിരുന്ന എഴുത്തുകാരല്ല ഇപ്പോൾ. എഴുത്തുകാർ എഴുത്തിനെക്കാൾ കൂടുതൽ ശബ്ദിച്ചുകൊണ്ടിരിക്കുന്ന കാലമാണ്. പണ്ട് ജനഹൃദയങ്ങളിലായിരുന്നു എഴുത്തുകാരന്റെ സാന്നിധ്യമെങ്കിൽ ഇന്ന് സാമൂഹികമാധ്യമങ്ങളിലാണ്.

**● എം. മുകുന്ദൻ**

എ.കെ. ആന്റണി കോൺഗ്രസിലെ ഏറ്റവും വലിയ ജനാധിപത്യവാദിയാണ്. പ്രസിഡന്റ് തിരഞ്ഞെടുപ്പുസമയത്ത് ഞാൻ അദ്ദേഹത്തെപ്പോയി കണ്ടിരുന്നു. 'എനിക്ക് എന്റെ നിലപാട്, നിങ്ങൾക്ക് നിങ്ങളുടെ നിലപാട്. ഞാൻ അതിൽ ഇടപെടില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. അതാണ് നേതാവിന്റെ മഹത്ത്വം. അദ്ദേഹം മറ്റുള്ളവരെപ്പോലെയല്ല. യോജിക്കുന്നില്ലെങ്കിൽ തള്ളിപ്പറയുക, ശത്രുവായിക്കാണുക ഇതൊന്നുമല്ല അദ്ദേഹത്തിന്റെ രീതി.

**● എം.കെ. രാഘവൻ**

അശ്ലീലം അഭിരുചിയുടെ ഒരുതലമായി സാഹിത്യത്തിലും സിനിമയിലും സംഗീതത്തിലും നിറഞ്ഞുനിൽക്കുന്നുണ്ട്. ഏതുമനുഷ്യന്റെ ഉള്ളിലും തുടിക്കുന്ന ഒരു അശ്ലീലഹൃദയമുണ്ട്. ആണാനന്ദങ്ങളുടെയും മെയിൽ മാർക്കറ്റിന്റെയും കാരുണ്യരഹിതമായ ഇരകളാണ് നീലച്ചിത്രങ്ങളിൽ അഭിനയിച്ച നടികൾ. നാം കുറ്റബോധത്തോടെ അവരോട് മാപ്പു പറയേണ്ടതുണ്ട്.

**● താഹ മാടായി**

എന്റെ പ്രതിച്ഛായ താറടിക്കാൻ ബി.ജെ.പി. കോടിക്കണക്കിനു രൂപ വിനിയോഗിച്ചു. എന്നിട്ടവർ എന്റെ വ്യാജ പ്രതിച്ഛായ സൃഷ്ടിച്ചു. യഥാർഥത്തിൽ ഇതെനിക്ക് നേട്ടമാണ്. സത്യം എനിക്കൊപ്പമാണ്. സത്യത്തെ മറച്ചുവെക്കാനാവില്ല. എന്റെ പ്രതിച്ഛായ തകർക്കാൻ അവർ കൂടുതൽ പണം ചെലവഴിക്കുമ്പോൾ എനിക്ക് കൂടുതൽ ശക്തി ലഭിക്കുകയാണ് ചെയ്യുന്നത്.

**● രാഹുൽ ഗാന്ധി**

മലയാളിക്ക് മലയാളഭാഷയുടെ കാര്യത്തിൽ ഇരട്ടത്താപ്പുണ്ട്. ഒരിടത്ത് അമ്മയാണ്, മുലപ്പാലാണ്, രക്തമാണ് എന്നൊക്കെ വീമ്പിളക്കും. മറ്റൊരിടത്ത് ഈ മലയാളംകൊണ്ടെന്ത് എന്ന് നിന്ദിക്കും. മലയാളിയുടെ ഭാഷാമനോഭാവത്തിൽ അന്തർലീനമാണ് ഈ ഇരട്ടത്താപ്പ്. ഭരണകർത്താക്കളും രക്ഷിതാക്കളും പുലർത്തുന്ന അമിതാഭിനിവേശവും അതിവൈകാരികതയും ഭാഷയ്ക്കും സമൂഹത്തിനും ഒരുഗുണവും ചെയ്യുന്നില്ല.

**● ഡോ. ജോസഫ് സ്കറിയ**

മലയാളസിനിമ എക്കാലവും എഴുത്തുകാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും മാത്രമേ ചെയ്തിട്ടുള്ളൂ. അനേകം തലമുറകൾ, അവരുടെ സ്കൂൾതലത്തിൽ പഠിച്ച എന്റെ കഥയുടെ തലക്കെട്ടിൽ എനിക്കുള്ള അവകാശം മറികടന്നുകൊണ്ട് ഒരു സിനിമ ഇറങ്ങുന്നു. ഒരുഭാഷയിലെയും ഒരെഴുത്തുകാരനും എന്റെയത്ര ക്ഷമിച്ചിരിക്കില്ല. എഴുത്തുകാരൻ എന്നനിലയിൽ എനിക്ക് ഇത്രയേ പറയാനുള്ളൂ, ഇത് ദുഃഖകരമാണ്.



**● എൻ.എസ്. മാധവൻ**